## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6205 — 31.10.2011-ൽ മറുപടിയ്ക്ക്

### കൂടംകുളം വൈദ്യുത പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൂടംകുളം വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ ; | (എ) ന്യൂക്ളിയർ പവർ കോർപ്പറേഷൻ നിർമ്മാണ ചുമതല വഹിക്കുന്ന ഒരു ആണവ പദ്ധതിയാണ് കൂടംകുളം. ടി പദ്ധതിയിൽ നിന്നും വൈദ്യുതി പ്രസരണത്തിനായി ലൈൻ വലിക്കുന്നതിൽ മാത്രമാണ് പവർഗ്രിഡ് കോർപ്പറേഷൻ ഏർപ്പെട്ടിട്ടുള്ളത്. ഇടമൺ-കൊച്ചി 400 കെ. വി, കൊച്ചി-തൃശ്ശൂർ 400 കെ. വി ലൈനുകളുടെ നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് പവർഗ്രിഡ് കോർപ്പറേഷൻ ഏറ്റെടുത്തിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) നിർദ്ദിഷ്ട ലൈനുകൾ കടന്നുപോകുന്ന പ്രദേശങ്ങളിലെ പരാതിക്കാരായ വസ്തു ഉടമകളുടെ പ്രതിനിധികളുമായും ബന്ധപ്പെട്ട എം. എൽ. എ. മാർ, എം. പി. മാർ തുടങ്ങിയ ജനപ്രതിനിധികളുമായും സർക്കാർ പലതവണ ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ ആരായുകയും ചെയ്തുവരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ചുള്ള കമ്മിറ്റി റിപ്പോർട്ട് ലഭ്യമായതായി അറിവുണ്ടോ ; വിശദമാക്കുമോ ? | (സി) | ഇടമൺ-കൊച്ചി മേഖലയിലെ ട്രാൻസ്മിഷൻ ലൈനുകളുടെ അലൈൻമെൻറ് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏഴ് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ 23-07-2011-ലെ (എം. എസ്). 27/11/ഊ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയമിച്ചിരുന്നു. കമ്മിറ്റി 20-09-2011ൽ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.